# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4335 — 26.06.2014 ൽ മറുപടിയ്ക്ക്

## അൺ എയ്ഡഡ് സ്കൂളുകളുടെ അംഗീകാരം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി.എഫ്. തോമസ്<br>ശ്രീ. റ്റി.യു. കുരുവിള<br>ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി | |
| (എ) | എയ്ഡഡ് സർക്കാർ സ്കൂളുകളെ സംരക്ഷിക്കുന്നതോടൊപ്പം ദേശീയ വിദ്യാഭ്യാസ നയം നടപ്പാക്കുന്നതിന്റെ ഭാഗമായി അർഹതപ്പെട്ട പ്രദേശങ്ങളിൽ ദീർഘ നാളായി സ്തുത്യർഹമായി പ്രവർത്തിച്ചു വരുന്ന അംഗീകാരമില്ലാത്ത അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | വിദ്യാഭ്യാസ അവകാശ സംരക്ഷണ നിയമം റൂൾ 14 അടിസ്ഥാനമാക്കി സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിച്ചുവരുന്ന വിദ്യാലയങ്ങൾക്ക് സർക്കാർ നിർദ്ദേശിച്ച മാനദണ്ഡങ്ങളനുസരിച്ച് നല്ല നിലയിൽ പ്രവർത്തിച്ചു വരികയാണെങ്കിൽ അംഗീകാരം നൽകുവാനും അല്ലാത്തവ അടച്ചുപൂട്ടുവാനും സർക്കാർ തീരുമാനിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ അംഗീകാരമില്ലാത്ത വിദ്യാലയങ്ങൾ ബന്ധപ്പെട്ട രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കുവാൻ സ.ഉ. (സാധാ.) 184/2013/പൊ.വി. തീയതി 10.06.2013 പ്രകാരം നിർദ്ദേശിക്കപ്പെടുകയും ഇതു സംബന്ധിച്ച മാനദണ്ഡങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തു. ഇങ്ങനെ ലഭിച്ച എഴുന്നൂറിലധികം അപേക്ഷകൾ പരിശോധിച്ച് അർഹതയുള്ള വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. |

| | | | |
|---|---|---|---|
| (ബി) | കേരളത്തിലെ അൺ എയ്ഡഡ് മേഖലയിൽ ഉൾപ്പെടെ വിദ്യാഭ്യാസത്തിന്റെ ഗുണ നിലവാരം ഉയർത്തുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ? | (ബി) | സർക്കാർ നിർദ്ദേശിച്ച മാനദണ്ഡങ്ങൾ പാലിക്കുന്ന വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകുവാനും അല്ലാത്തവ അടച്ചു പൂട്ടുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതോടെ ഗുണനിലവാരമുള്ള വിദ്യാലയങ്ങൾ മാത്രം ഈ മേഖലയിൽ അവശേഷിക്കും. |

സെക്ഷൻ ഓഫീസർ